അർശദ് കാരക്കാട്

# ഇബ്‌ലീസിന്റെ സന്തതികൾ

عَنْ جَابِرٍ رضي الله عنه قَالَ: سَمِعْتُ النَّبِيَّ صلى الله عليه وسلم يَقُولُ : إِنَّ الشَّيْطَانَ قَدْ أَيِسَ- وفى رواية: يَئِسَ- أَنْ يَعْبُدَهُ الْمُصَلُّونَ فِي جَزِيرَةِ الْعَرَبِ وَلَكِنْ فِي التَّحْرِيشِ بَيْنَهُمْ (رواه مسلم)

**ജാബിറിൽനിന്ന്: നബി(സ) പറയുന്നത് ഞാൻ കേട്ടു: 'അറേബ്യൻ ഉപദ്വീപിലെ നമസ്കാരക്കാർ (വിശ്വാസികൾ) തനിക്ക് വിധേയപ്പെട്ട്, തന്നെ ആരാധിക്കുന്ന കാര്യത്തിൽ പിശാച് നിരാശനായിരിക്കുന്നു. പക്ഷേ, അവർക്കിടയിൽ അവൻ പ്രശ്നങ്ങൾ കുത്തിപ്പൊക്കാൻ ശ്രമിക്കും' (മുസ്‌ലിം).**

ഒരിക്കൽ ഇബ്‌ലീസിനെ അനുസരിക്കുകയും പിന്നീട് ഇബ്‌ലീസ് തന്റെ ദൈവമായി മാറുകയും ചെയ്ത ഒരു പുരോഹിതന്റെ കഥ ഇബ്നുൽ ജൗസി തന്റെ *തൽബീസു ഇബ്‌ലീസ്* എന്ന കൃതിയിൽ കുറിക്കുന്നുണ്ട്: ഒരു കുടുംബം യുവതിയെയും കൂട്ടി പുരോഹിതനെ കാണാൻ ചെന്നു. പിശാച് കഴുത്തിന് പിടിക്കുകയും അടിക്കുകയും ചെയ്തതിനെ തുടർന്നാണ് യുവതിക്ക് അസുഖമായത്. ഇത് ആ കുടുംബത്തിന് അറിയില്ല. പിശാച് യുവതിയുടെ കുടുംബത്തിൽ ചെന്ന് പറഞ്ഞു: 'നിങ്ങളുടെ കുട്ടിക്ക് ബാധിച്ചിരിക്കുന്ന രോഗം സുഖപ്പെടുത്താൻ കഴിയുന്ന ഒരു പുരോഹിതനുണ്ട്.' അങ്ങനെയാണ് കുടുംബം യുവതിയെയും കൂട്ടി പുരോഹിതന്റെ അടുത്തെത്തുന്നത്. പക്ഷേ, പുരോഹിതൻ ഇവരെ കാണാനോ സ്വീകരിക്കാനോ തയാറായില്ല. പക്ഷേ, കുടുംബം തിരിച്ചുപോകാൻ കൂട്ടാക്കിയില്ല. ഈ സമയം പിശാച് പുരോഹിതന്റെ കാതിൽ 'ലൈംഗികമോഹം സാധിക്കാനുള്ള അവസരമല്ലേ' എന്ന് മന്ത്രിച്ചു. പുരോഹിതൻ യുവതിയെ അകത്തേക്ക് ക്ഷണിക്കുകയും അവളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയും ചെയ്തു. യുവതി ഗർഭിണിയായി. പുരോഹിതന്റെ അടുക്കൽ വന്ന് പിശാച് വീണ്ടും മന്ത്രിച്ചു: 'താങ്കളുടെ ഈ ചെയ്തി യുവതിയുടെ കുടുംബം അറിയുക തന്നെ ചെയ്യും. അതിന് മുമ്പ് യുവതിയെ കൊന്ന് കുഴിച്ചുമൂടുക. അവൾ എവിടെ എന്ന് കുടുംബം ചോദിക്കുമ്പോൾ മരിച്ചു പോയെന്ന് പറയുക.' തൊട്ടുടനെ പിശാച് യുവതിയുടെ കുടുംബത്തിന്റെ അടുക്കൽ വന്ന് അവരുടെ മനസ്സിൽ അങ്കലാപ്പുണ്ടാക്കി. പുരോഹിതൻ കുട്ടിയെ ഗർഭിണിയാക്കി കൊന്ന് കുഴിച്ചുമൂടിയോ എന്ന് അവർക്ക് സംശയമായി. ഉടനടി യുവതിയെ അന്വേഷിച്ച് അവർ പുരോഹിതന്റെ അടുക്കൽ വന്നു. പുരോഹിതൻ പറഞ്ഞു, 'അവൾ മരിച്ചു പോയി.' കുടുംബക്കാർ പുരോഹിതനെ പിടികൂടി. ഈ സമയത്ത് പിശാച് വന്ന് പുരോഹിതനോട് പറഞ്ഞു: 'ഞാനാണ് യുവതിയുടെ കഴുത്തിന് പിടിച്ച് അവളെ അടിച്ചവശയാക്കി രോഗിയാക്കി മാറ്റിയത്. ഞാനാണ് ആ കുടുംബത്തിന് താങ്കളെ പരിചയപ്പെടുത്തി കൊടുത്തത്. ഞാനാണ് താങ്കളെ യുവതിയുമായി ശാരീരിക ബന്ധത്തിലേർപ്പെടാൻ പ്രേരിപ്പിച്ചത്. ആയതിനാൽ എന്നെ അനുസരിക്കുന്ന പക്ഷം താങ്കൾക്ക് വിജയം പ്രാപിക്കാം.' പിന്നെ പിശാച് കൽപ്പിച്ചു: 'എന്റെ കാൽക്കൽ വീണ് രണ്ട് തവണ സുജൂദ് ചെയ്യുക.' പുരോഹിതൻ പിശാചിന്റെ കാൽക്കൽ വീണ് സുജൂദ് ചെയ്തു.

ഇതൊരു ഗുണപാഠ കഥയാണ്. ജീവിതത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പിശാചിനെ അനുസരിക്കുന്നവൻ അതിൽനിന്ന് പിന്മാറാൻ കഴിയാതെ ഒടുവിൽ പിശാചിനെ തന്നെ തന്റെ ദൈവമാക്കി മാറ്റുന്നു. അതിൽനിന്നൊരിക്കലും പിന്നീട് രക്ഷപ്പെടാൻ കഴിയാതെ വരുന്നു. പിശാചിനെ സ്വാംശീകരിക്കുന്നത് അവന്റെ മക്കൾക്ക് ജന്മം കൊടുക്കൽ കൂടിയാണത്. പിശാചിന്റെ അഞ്ച് സന്താനങ്ങളെക്കുറിച്ച് -സബർ, അഅ്‌വർ, മിസ്മത്, ദാസിം, സകൻബൂർ- ഗ്രന്ഥങ്ങളിൽ പരാമർശം കാണാം. ഇബ്‌ലീസ് അവരുടെ ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊടുക്കുന്നു. സബറിന്റെ ഉത്തരവാദിത്തം ജനങ്ങൾക്കിടയിൽ പ്രശ്നങ്ങളുണ്ടാക്കലും മ്ലേഛത പ്രചരിപ്പിക്കലും. അഅ്‌വർ വ്യഭിചാരത്തിലേക്ക് പ്രേരണ നൽകണം. മിസ്മത് കള്ളങ്ങൾ പ്രചരിപ്പിക്കണം, ദാസിം കുടുംബങ്ങൾക്കിടയിൽ ശത്രുത (ഛിദ്രത) വളർത്തണം, സകൻബൂർ അങ്ങാടിയിൽ പ്രശ്നങ്ങൾ കുത്തിപ്പൊക്കണം. ഒരു ദൃഷ്ടാന്ത കഥയിലൂടെ ചില വസ്തുതകൾ വ്യക്തമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഇബ്‌ലീസിന്റെ പിന്മുറക്കാരായി ഇന്ന് അഞ്ചു മക്കളല്ല ഉള്ളത്; അസംഖ്യം മക്കളാണ്. കാരണം തിന്മകൾ അത്രയധികം പെരുകിയിട്ടുണ്ടല്ലോ. കഴിഞ്ഞ കാലങ്ങളിൽ അഞ്ച് മക്കളേറ്റെടുത്ത ഉത്തരവാദിത്തം വർഷങ്ങൾക്ക്